ഒളവണ്ണ പഞ്ചായത്തിൽ കുഴൽകിണർ സ്ഥാപിക്കാൻ നടപടി

136 [149] ശ്രീ. കെ. മൂസ്സക്കുട്ടി: താഴെ കാണുന്ന ചോദ്യത്തിന് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോഴിക്കോട് ജില്ലയിൽ ഒളവണ്ണ പഞ്ചായത്തിലെ കോഴിക്കോടൻ കുന്നു പ്രദേശത്തെ ശുദ്ധജല ക്ഷാമം പരിഗണിച്ച് പ്രസ്തുത സ്ഥലത്ത് ഒരു കുഴൽ കിണർ സ്ഥാപിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

പണത്തിന്റെ ലഭ്യതയനുസരിച്ച് പ്രസ്തുത സ്ഥലത്ത് കുഴൽ കിണർ സ്ഥാപിക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളുന്നതാണ്.

സ്ലൂയിസ് വാൽവുകൾ

137 [150] ശ്രീ. വി.ജെ. തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 24–5–1982 മുതൽ 24–5–1986 വരെയുള്ള കാലത്ത് സ്ലൂയിസ് വാൽവുകൾ വാങ്ങിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര രൂപയ്ക്ക്;

(സി) എത്ര എണ്ണം:

(ഡി) അവയിൽ എത്ര എണ്ണം ഉപയോഗിക്കാതെ അവശേഷിക്കുന്നു എന്നു വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രോജക്ട് ഒന്ന് ചീഫ് എഞ്ചിനീയറുടെ അധികാരപരിധിയിലുള്ള പ്രോജക്ട് ഡിവിഷനുകൾ വഴി ഏകദേശം 168.565 ലക്ഷം രൂപയുടെ സ്ലൂയിസ് വാൽവുകൾ 20–3–1986 വരെ വാങ്ങി. 20–3–1986 മുതൽ 2–5–1986 വരെ വാങ്ങിയിട്ടുള്ള വാൽവുകളെ സംബന്ധിച്ചു വിവരം ശേഖരിച്ചുവരുന്നു. പ്രോജക്ട് രണ്ട് ചീഫ് എഞ്ചിനീയറുടെ അധികാര പരിധിയിലുള്ള ജലസേചനപദ്ധതികൾക്കായി 24–5–1982–മുതൽ 24–5–1986 വരെയുള്ള കാലത്ത് 2,24,195 രൂപയുടെ ആൽഫാ സ്ലൂയിസ് വാൽവുകളും വാങ്ങിയിട്ടുണ്ട്.

(സി) പ്രോജക്ട് രണ്ടു ചീഫ് എഞ്ചിനീയറുടെ നിയന്ത്രണത്തിലുള്ള പ്രോജക്ടുകൾക്കായി (പമ്പാ, പെരിയാർവാലി, തൃശൂർ ഇറിഗേഷൻ ഡിവിഷൻ) 912 എണ്ണം വാങ്ങി. മറ്റു പ്രോജക്ടുകളെ സംബന്ധിച്ചു വിവരം ശേഖരിച്ചുവരുന്നു.

(ഡി) മേൽ സൂചിപ്പിച്ച 912 വാൽവുകളിൽ 196 വാൽവുകൾ ഉപയോഗിക്കാതെ അവശേഷിക്കുന്നു. അവ നടന്നുവരുന്ന പണികളുടെ ആവശ്യത്തിലേക്കായി മാറ്റിവച്ചിരിക്കുകയാണ്. മറ്റു പ്രോജക്ടുകളെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly